**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2278** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി G.O.(Rt)No.290/2023/H&FWD, dated 06-02-2023 പ്രകാരം 28.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ പൂർത്തിയായി വരുന്നു. പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് തകർന്ന നിലയിലുള്ള കെട്ടിടങ്ങളും, 45-ഓളം മരങ്ങളും ഉണ്ട്. പ്രസ്തുത സ്ഥലം ഇറിഗേഷൻ വകുപ്പിൽ നിന്നും കൈമാറി കിട്ടിയപ്പോൾ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും മറ്റും വടകര താലൂക്ക് ഓഫീസറുടെ അനുമതി ലഭ്യമാക്കുന്നതിനായി വടകര താലൂക്ക് ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നിലവിലുള്ള 45 മരങ്ങൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് 15 ലക്ഷം രൂപ വിലയിട്ട് എസ്റ്റിമേറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. 2019-2020 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ വർക്ക്സ് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനക്സ് II വാല്യം 2 ൽ പേജ് 55-ൽ ക്രമ നം.1172 ആയി 2 കോടി രൂപ കുറ്റ്യാടി താലൂക്ക് ആശുപത്രിയ്ക്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ സ്ഥലത്തെ തകർന്ന ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ പൊളിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. കെട്ടിടം ലേലം ചെയ്ത് പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | നബാർഡ് സ്കീം പ്രകാരം അനുമതി ലഭിച്ച | (ബി) | ഇറിഗേഷൻ വകുപ്പിൽ നിന്നും വിട്ടുകിട്ടിയ |

| | | | |
|---|---|---|---|
| | പ്രവൃത്തിക്കായി വിഭാവനം ചെയ്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള തീരുമാനം റദ്ദാക്കിയിട്ടും മറ്റൊരു സ്ഥലത്ത് പ്രസ്തുത കെട്ടിട നിർമ്മാണം വൈകുന്നത് എന്ത് കൊണ്ടാണെന്ന് വിശദമാക്കാമോ; | | സ്ഥലത്താണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടത്തേണ്ടത്. പ്രസ്തുത സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.<br><br>ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തിയുള്ള നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | നബാർഡ് പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പൂർത്തിയായി വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കി പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ